## അന്തർദ്ദേശീയ മലയാളസമ്മേളനം

*432 [454] ശ്രീ. സിദ്ധാർത്ഥൻ കാട്ടുങ്ങൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) രണ്ടാം അന്തർദ്ദേശീയ മലയാളസമ്മേളനം ലണ്ടനിൽവച്ച് നടത്തുന്നതിന് കേരള ഗവൺമെൻറ് ചെയ്തുകൊടുക്കുന്ന സഹായ സഹകരണങ്ങൾ എന്തൊക്കെയാണ്;

(ബി) ഇക്കാര്യത്തിൽ കേന്ദ്രം ചെയ്തുകൊടുക്കുന്ന സഹായങ്ങൾ എന്തൊക്കെയാണ്;

(സി) കേരളത്തിൽ നിന്ന് എത്ര പ്രതിനിധികളെയാണ് അയക്കുന്നത്;

(ഡി) എം. എൽ. എ. മാരേയും മന്ത്രിമാരേയും പറഞ്ഞയക്കുന്നതിന് പരിപാടി ഉണ്ടോ?

മുഖ്യമന്ത്രി (ശ്രീ. പി. കെ. വാസുദേവൻ നായർ):

(എ) രണ്ടാം അന്തർദ്ദേശീയ മലയാള സമ്മേളനം നടത്തുന്നതിന് ഗവൺമെൻറിൻെറ സഹായസഹകരണങ്ങൾ ആരും ആവശ്യപ്പെട്ടിട്ടില്ല.

(ബി) ഇതു സംബന്ധിച്ച് ഗവൺമെൻറിന് വിവരമൊന്നുമില്ല.

(സി and ഡി) ഗവൺമെൻറ് ഇതിനെപ്പറ്റി ആലോചിച്ചിട്ടില്ല.

## തീരദേശ റെയിൽവേ

*433 [455] ശ്രീ. പി. ബാലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) തീരദേശ റെയിൽവേ നടപ്പാക്കുകയാണെങ്കിൽ അതിനാവശ്യമായ സ്ലീപ്പറുകൾ സൗജന്യമായി നൽകാമെന്ന് കേന്ദ്രറെയിൽവേ വകുപ്പിന് കേരള സർക്കാർ ഉറപ്പു നൽകിയിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ കുറ്റിപ്പുറം-ഗുരുവായൂർ റെയിൽവേ പദ്ധതിക്ക് ഇപ്രകാരം സൗജന്യമായി സ്ലീപ്പർ നൽകാമെന്ന് ഓഫർ കൊടുക്കാതിരിക്കാൻ വല്ല പ്രത്യേക കാരണവുമുണ്ടോ;

(സി) കുറ്റിപ്പുറം-ഗുരുവായൂർ റെയിൽവേയ്ക്കുകൂടി ഇപ്രകാരം ഒരു ഓഫർ നൽകുമോ?

ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. റ്റി. എസ്. ജോൺ):

(എ) ഉണ്ട്.

(ബി) കുറ്റിപ്പുറം-ഗുരുവായൂർ റെയിൽവേ ലൈനിൻെറ ആവശ്യകതയും സംസ്ഥാന സർക്കാർ കേന്ദ്രസർക്കാരിനെ അറിയിച്ചിട്ടുണ്ട്. മുൻഗണന നൽകിയിട്ടുള്ള ആലപ്പുഴ-എറണാകുളം റെയിൽവേ ലൈനിനു

LIBRARY ARCHIVES Kerala Legislative Assembly